"ഭരണഭാഷ മാതൃഭാഷ"

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004,കേരള
CIN:U40100KL2011SGC027424 വെബ്സൈറ്റ്: www.kseb.in
ടെലഫോൺ നമ്പർ: 0471 2514554 ഇമെയിൽ : safety@kseb.in

സംഗ്രഹം

KSEBL-ന്റെ വിവിധ സാങ്കേതിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് Manufacturing unit for Innovative Devices, Equipments & Accessories (MIDEA) എന്ന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവ്

**കോർപ്പറേറ്റ് ഓഫീസ് ( പ്ലാനിംഗ് , സേഫ്റ്റി & എസ് .സി .എം )**

ബോർഡ് ഉത്തരവ് ( എഫ്. റ്റി. ഡി )നം. 662 /2021 ( സി.എസ്.സി./ എഫ്.റ്റി.ഡി / ഇന്നവേഷൻ - എ.ഇ 2 /2021-22) തിരുവനന്തപുരം, തിയതി : 17.09.2021

പരാമർശം :- (1) ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.ബൈജു.കെ.സി. സമർപ്പിച്ച MIDEA എന്ന പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട്

(2) ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)ക്ക് ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.ടി & എച്ച്.ആർ. എം.) നൽകിയ Note No. D(D,IT&HRM)/DCC/20/2021-22/259/ 13.07.2021

(3) മുഴുവൻ സമയ ഡയറക്ടർമാർക്ക് ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)സമർപ്പിച്ച 18.08.2021 തീയതിയിലെ സി.എസ്.സി./ എഫ്.റ്റി.ഡി / ഇന്നവേഷൻ - എ.ഇ 2 / 2021-22/130 നമ്പർ കുറിപ്പ് ( Agenda 39 / 9 /2021 )

**ഉത്തരവ്**

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ.ബൈജു .കെ.സി. സൂചന (1) പ്രകാരം KSEBL-ന്റെ കീഴിൽ Manufacturing unit for Innovative Devices, Equipments & Accessories (MIDEA) എന്ന ഒരു പ്രത്യേക യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയുടെ പ്രാഥമിക റിപ്പോർട്ട് ചീഫ് സേഫ്റ്റി കമ്മീഷണർ മുഖാന്തിരം ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി) മുമ്പാകെ സമർപ്പിച്ചിരുന്നു.

13.07.2021 -ന് ചേർന്ന ഡിസ്ട്രിബ്യൂഷൻ കോർ കമ്മിറ്റി യോഗത്തിൽ പ്രസ്തുത വിഷയം ചർച്ച ചെയ്യുകയും ചുവടെ പ്രതിപാദിച്ചിട്ടുള്ള പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രത്യേകമായി ഒരു യൂണിറ്റ് (MIDEA) രൂപീകരിക്കേണ്ടത് KSEBL-ന് ആവശ്യമാണെന്ന് അംഗീകരിച്ച് സൂചന (2) കുറിപ്പ് പ്രകാരം ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & എച്ച്.ആർ.എം.) ശുപാർശ ചെയ്തിട്ടുമുണ്ട്.

1. സ്ഥാപനത്തിനകത്തുള്ള ഇന്നവേഷൻ പദ്ധതികൾ ആവിഷ്കരിക്കുക .
2. KSEBL-ന്റെ വിവിധ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ സാങ്കേതികവിദ്യ തെരഞ്ഞെടുക്കുക .
3. പുറത്തുനിന്നുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവർ സമർപ്പിക്കുന്ന നൂതന സംവിധാനങ്ങളുടേയും പദ്ധതികളുടേയും പ്രാഥമികമായ സാധ്യത പരിശോധിക്കുക.
4. നിലവിലുള്ള ഇന്നവേഷൻ പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക .

5. വിവിധ മാർഗ്ഗങ്ങളിലൂടെ ലഭിക്കുന്ന നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി KSEBL-ന് ആവശ്യമായ ഉപകരണങ്ങളും അനുബന്ധ ഘടകങ്ങളും ആഭ്യന്തരമായി നിർമ്മിക്കുകയോ ആവശ്യമെങ്കിൽ അവ മറ്റ് നിർമ്മാതാക്കളെക്കൊണ്ട് നിർമ്മിപ്പിച്ച് ലഭ്യമാക്കുകയോ ചെയ്യുക. അത് വഴി ഫീൽഡിലെ പ്രത്യേക സാങ്കേതിക ആവശ്യങ്ങൾ നിറവേറ്റുക .

ടി വിഷയം പരിഗണിച്ച് ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി ) സൂചന (3) പ്രകാരം മുഴുവൻ സമയ ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പിൽ Manufacturing unit for Innovative Devices, Equipments & Accessories (MIDEA) ആരംഭിക്കുന്നതിന് ചുവടെ ചേർക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി ശുപാർശ ചെയ്തിട്ടുണ്ട് .

| | | |
|---|---|---|
| 1 | MIDEA -യുടെ ലക്ഷ്യം | ആദ്യ ഘട്ടത്തിൽ KSEBL-ന്റെ ആഭ്യന്തരമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി മേൽപ്പറഞ്ഞ 5 ഇനം പ്രവർത്തനങ്ങൾ നടത്തുക. ഇത് വിലയിരുത്തിയശേഷം പിന്നീട് ബന്ധപ്പെട്ട അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് രാജ്യത്തെ വിവിധ വൈദ്യുത സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യാവുന്ന വിധത്തിൽ വിപുലീകരണത്തിനും ലക്ഷ്യം വയ്ക്കുന്നു. |
| 2 | പരീക്ഷണാടിസ്ഥാനത്തിൽ ഉദ്ദേശിക്കുന്ന MIDEA -യുടെ കാലാവധി (ആദ്യഘട്ടം) | 6 മാസം രൂപീകരണപ്രവർത്തനങ്ങളും തുടർന്ന് 12 മാസം പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനവും പരീക്ഷണാടിസ്ഥാനത്തിൽ തൃപ്തികരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുവെങ്കിൽ മാത്രം വിപുലീകരണം |
| 3 | സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം | ആലപ്പുഴ ജില്ലയിൽ ചേർത്തല 66kV സബ് സ്റ്റേഷനിലെ നിലവിലുള്ള ഒരു ക്വാർട്ടേഴ്സ് (കേരളത്തിൽ ഇൻഡസ്ട്രിയൽ & ഇലക്ട്രോണിക് സ്പെയർ പാർട്സുകൾ, അനുബന്ധ സൗകര്യങ്ങൾ ഏറ്റവും കൂടുതൽ ലഭ്യമാകുന്ന എറണാകുളം നഗരത്തിൽ നിന്ന് ഏറെയകലെയല്ലാത്ത സ്ഥലം. റെയിൽവേ , നാഷണൽ ഹൈവേ എന്നിവയുടെ സമീപ സ്ഥലം. ചേർത്തല ഇലക്ട്രിക്കൽ ഡിവിഷനിൽ നിന്നും 3 km മാത്രം ദൂരം .<br>കൂടാതെ ഇവിടെ നിലവിലുള്ള സബ്സ്റ്റേഷൻ ശേഷി ഉയർത്തി പുതുക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള കൺട്രോൾ റൂം ഒഴിയാനും, അത് MIDEA-യുടെ വിപുലീകരണത്തിന് ഉപയോഗപ്പെടുത്താനുമാകും ) |
| 4 | ആദ്യഘട്ട MIDEA യുടെ കടമകൾ / ആദ്യഘട്ടത്തിൽ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ | ACSR ഡിറ്റെക്ടർ നിർമ്മാണം (KSEBL-ന്റെ ആവശ്യത്തിന് മാത്രം ചുരുങ്ങിയത് 1000 എണ്ണം നിർമ്മിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു ) |
| | | AB സ്വിച്ചുകളുടെ ഫ്ലാഗ് സംവിധാനം വികസിപ്പിക്കലും നിർമ്മാണവും (നിലവിലുള്ള AB സ്വിച്ചുകൾക്ക് വേണ്ടി ചുരുങ്ങിയത് 10000 എണ്ണം നിർമ്മിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു) |

| | | |
|---|---|---|
| | | AB സ്വിച്ചുകളിൽ വൈദ്യുതി സാന്നിധ്യം അറിയിക്കുന്ന സംവിധാനം വികസിപ്പിക്കൽ |
| | | AB സ്വിച്ചുകളുടെ കണക്ടർ ( Connector) നവീകരണം (നിലവിലുള്ള AB സ്വിച്ചുകൾക്ക് വേണ്ടി ചുരുങ്ങിയത് 10000 എണ്ണം നിർമ്മിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു) |
| | | സ്പെഷ്യൽ ലൈൻ ഷോർട്ടിംഗ് ക്ലിപ്പ് സെറ്റിന്റെ നിർമ്മാണം ( KSEBL-ന്റെ ആവശ്യത്തിന് മാത്രം ചുരുങ്ങിയത് 2000 സെറ്റ് നിർമ്മിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു ) |
| | | എർത്ത് സ്പൈക്കുകളുടെ നിർമ്മാണം (ചുരുങ്ങിയത് 1000 എണ്ണം നിർമ്മിക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു ) |
| | | എർത്ത് റോഡുകളുടെ നവീകരണം / റിപ്പയറിംഗ് (ഫീൽഡിലെ ആവശ്യമനുസരിച്ച് 1000 എണ്ണം നവീകരണം/ റിപ്പയറിംഗ് നടത്തേണ്ടി വരുമെന്ന് പ്രതീക്ഷിക്കുന്നു ) |
| | | B-Alert നിർമ്മാണം (നിലവിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫീൽഡിൽ നൽകിയ സാമ്പിളുകളുടെ വിലയിരുത്തൽ നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തി 100 പുതിയ സാമ്പിളുകൾ നിർമ്മിക്കുക) |
| | | താഴെ നിന്ന് എർത്ത് & ഷോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം വികസിപ്പിക്കൽ |
| | | പോസ്റ്റിൽ കയറാൻ എളുപ്പ മാർഗ്ഗം വികസിപ്പിക്കൽ |
| | | KSEBL-ന്റെ ആഭ്യന്തരമായ ഇന്നവേഷൻ സംബന്ധിയായ പ്രവർത്തനങ്ങളുടെ ഏകോപിപ്പിക്കൽ |
| | | പുറത്ത് നിന്ന് ലഭിക്കുന്ന ഇന്നവേഷൻ ഫയലുകളുടെ ആദ്യഘട്ട പരിശോധന |
| 5 | ആവശ്യമായ ജീവനക്കാർ & ഭരണ സംവിധാനം | അസിസ്റ്റന്റ് എഞ്ചിനീയർ -1 (ആദ്യഘട്ടത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് / ഡെപ്യൂട്ടേഷൻ) |
| | | സബ് എഞ്ചിനീയർ -1 (ആദ്യഘട്ടത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് / ഡെപ്യൂട്ടേഷൻ) |
| | | സീനിയർ അസിസ്റ്റന്റ് -1 (ആദ്യഘട്ടത്തിൽ വർക്കിംഗ് അറേഞ്ച്മെന്റ് / ഡെപ്യൂട്ടേഷൻ)അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും മേലുദ്യോഗസ്ഥരും മറ്റ് ഭരണ സംവിധാനങ്ങളും (അഡീഷണൽ ചാർജ്ജ്)<br>ആദ്യഘട്ടത്തിൽ വിതരണ വിഭാഗത്തിന് ആവശ്യമായ പ്രവർത്തനങ്ങളാണ് പ്രധാനമായും ഉദ്ദേശിക്കുന്നതെന്നതിനാൽ വിതരണ വിഭാഗത്തിലെ |

| | | |
|---|---|---|
| | | ചേർത്തല ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചേർത്തല ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ , എറണാകുളം മേഖലാ ചീഫ് എഞ്ചിനീയർ എന്ന ക്രമത്തിൽ അധികാരശ്രേണിയും ഇതിൽത്തന്നെ ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ ARU ആകുന്നതാകും ഭരണസംവിധാനത്തിന് ഉചിതം. |
| | ആവശ്യമായ ദിവസക്കൂലി തൊഴിലാളികൾ | ഓരോ ദിവസവും ചെയ്യാൻ ഉദ്ദേശിക്കുന്ന ജോലിക്ക് അനുസൃതമായി അനുയോജ്യമായിട്ടുള്ള, ആവശ്യമായ എണ്ണം തൊഴിലാളികളെ നിയമാനുസൃതമായ രീതിയിൽ അന്നന്ന് നിയോഗിക്കുക |
| 7 | ആരംഭച്ചെലവ് | നിലവിലുള്ള കെട്ടിടത്തിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുമ്പോൾ 4 ലക്ഷം രൂപ മാത്രം |
| 8 | പ്രവർത്തനച്ചെലവ്, ഫണ്ടിംഗ് & ആഡിറ്റിംഗ് | പ്രവർത്തനമനുസരിച്ച് / നിർമ്മിക്കുന്ന ഉപകരണങ്ങളുടെ എണ്ണം അനുസരിച്ച്.<br>നൂതനമാണെങ്കിലും, നിലവിലെ സിസ്റ്റത്തിന്റെ ഓപ്പറേഷനുകൾ സുഗമവും സൗകര്യപ്രദവും സുരക്ഷിതവുമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വേണ്ടി താരതമ്യേന ചെറിയ തുകയായതിനാൽ, ഓരോ പ്രവർത്തനത്തിന്റെയും എസ്റ്റിമേറ്റ് തയ്യാറാക്കി അതാത് സമയത്തെ ലഭ്യമായ വിലനിലവാരം/ നിരക്കുകൾക്കനുസരിച്ച് അംഗീകരിച്ച്, ഈ തുക വിതരണ വിഭാഗത്തിന്റെ O&M ഫണ്ടിൽ വകയിരുത്തുന്നതാകും ഉചിതം.<br>ഈ യൂണിറ്റിന്റെ എല്ലാവിധ ആഡിറ്റിംഗ് പ്രവൃത്തികളും ഇലക്ട്രിക്കൽ ഡിവിഷനിലെ / സർക്കിളിലെ ആഡിറ്റിംഗ് പ്രവൃത്തികളുമായി ചേർത്ത് നടത്തുന്നതാകും ഉചിതം. MIDEA യുടെ ആദ്യഘട്ടത്തിലെ നിക്ഷിപ്ത ലക്ഷ്യങ്ങൾ പൂർണ്ണമായി നടപ്പാക്കിയാൽ KSEBL-ന്റെ ഫീൽഡിലെ ഉപയോഗങ്ങൾക്ക് വേണ്ടി ഏകദേശം ഒരു കോടി ഒമ്പത് ലക്ഷം രൂപയുള്ള (10900000 രൂപ മാത്രം ) ഉപകരണങ്ങൾ മേൽപ്പറഞ്ഞ രീതിയിൽ നിർമ്മിച്ച് ലഭ്യമാക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. |
| 9 | നിർമ്മാണ സാമഗ്രികൾ / അസംസ്കൃത ഘടകങ്ങൾ | ആദ്യഘട്ടത്തിൽ ഓരോ പ്രവർത്തനത്തിനും ആവശ്യമായവ സ്ഥാപനത്തിന്റെ അതാത് സമയത്തെ നിയമങ്ങൾക്ക് അനുസൃതമായി അപ്പപ്പോൾ വാങ്ങുക |
| 10 | നേട്ടം / ലാഭം | ഗുണനിലവാരമുള്ളതും പ്രത്യേക സാഹചര്യങ്ങൾക്ക് അനുയോജ്യവും ആവശ്യമായതും , പുറം വിപണിയിൽ ലഭ്യമാകാത്തതുമായ ഉപകരണങ്ങൾ നിർമ്മിക്കാനാകുന്നതിലൂടെ ഗണ്യമായ സാമ്പത്തിക ലാഭം + ജോലി എളുപ്പമാക്കൽ + സുരക്ഷയൊരുക്കൽ + യശസ്സ് എന്നിവ വഴിയുള്ള നേട്ടങ്ങളും ലാഭവും |

പരാമർശം (3) പ്രകാരം ഈ വിഷയം 10.09.2021-ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെടുകയും വിശദമായ പരിശോധനയ്ക്ക് ശേഷം പ്രസ്തുത യോഗം KSEBL-ന്റെ വിവിധ സാങ്കേതിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് Manufacturing unit for Innovative Devices, Equipments & Accessories (MIDEA) എന്ന പേരിൽ ഒരു യൂണിറ്റ് പ്രാഥമിക സാങ്കേതിക റിപ്പോർട്ട് അനുസരിച്ചുള്ള സൗകര്യങ്ങളോടെ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച് ശുപാർശ ചെയ്ത രീതിയിൽ (അനുബന്ധം ) പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് അംഗീകാരം നൽകാൻ തീരുമാനിച്ചു.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു .

മുഴുവൻ സമയ ഡയറക്ടർമാരുടെ ആജ്ഞാനുസരണം

ഒപ്പ്

**ലേഖ .ജി.**

**കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്**

സ്വീകർത്താവ് : ചീഫ് സേഫ്റ്റി കമ്മീഷണർ

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും

ഫിനാൻഷ്യൽ അഡ്വൈസർ

ചീഫ് ഇന്റേർണൽ ഓഡിറ്റർ

എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും

ടി.എ.ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ

ടി.എ.ടു ഡയറക്ടർ ( ഡിസ്ട്രിബ്യൂഷൻ & ഐ.ടി.)

ടി.എ.ടു ഡയറക്ടർ ( ട്രാൻസ്മിഷൻ & എസ്.ഒ.)

ടി.എ.ടു ഡയറക്ടർ ( ജനറേഷൻ ഇലക്ട്രിക്കൽ & ഫിനാൻസ് )

ടി.എ.ടു ഡയറക്ടർ ( ജനറേഷൻ സിവിൽ)

ടി.എ.ടു ഡയറക്ടർ ( ആർ.ഇ.ഇ.എസ് & സൗര)

ടി.എ.ടു ഡയറക്ടർ ( പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം )

ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ

ചീഫ് വിജിലൻസ് ഓഫീസർ

കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്

സെക്രട്ടറി (ഭരണ വിഭാഗം)

ചീഫ് പേഴ്സണൽ ഓഫീസർ

ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ

റീജിയണൽ ഓഡിറ്റ് ഓഫീസർ ആലപ്പുഴ

എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും

ഡെപ്യൂട്ടി സെക്രട്ടറി ( ഭരണ വിഭാഗം)

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ്ഡിവിഷൻ,ചേർത്തല

ബൈജു കെ.സി. (എ.ഇ., ചീഫ് സേഫ്റ്റി കമ്മീഷണറുടെ ഓഫീസ്)

ഫെയർ കോപ്പി സൂപ്രണ്ട് / റെക്കോർഡ് സെക്ഷൻ / ലൈബ്രറി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനീയർ

ബോർഡ് ഉത്തരവ് (എഫ്.റ്റി.ഡി.) നം.662 /2021 (സി.എസ്.സി./എഫ്.റ്റി.ഡി / ഇന്നവേഷൻ - എ.ഇ 2 /2021-22) തിരുവനന്തപുരം,തിയതി 17.09.2021 ന്റെ

**അനുബന്ധം**

1. MIDEA യൂണിറ്റിന്റെ ആരംഭപ്രവർത്തനങ്ങൾക്ക് 6 മാസവും തുടർന്ന് നിർദ്ദിഷ്ട പരീക്ഷണാടിസ്ഥാനത്തിലുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് 12 മാസവും (ആകെ ഒന്നര വർഷം) അനുവദിക്കുന്നു.

2. MIDEA യൂണിറ്റ് ആരംഭിച്ച് പ്രവർത്തിക്കുന്നതിന് ആലപ്പുഴ ട്രാൻസ്മിഷൻ സർക്കിളിന് കീഴിലുള്ള ചേർത്തല 66kV സബ് സ്റ്റേഷനിലെ അനുയോജ്യമായ ഒരു ക്വാർട്ടേഴ്സ് അനുവദിക്കുന്നു.

3. MIDEA യൂണിറ്റിന്റെ ആദ്യഘട്ട പ്രവർത്തനത്തിനായി അനുയോജ്യരായ അസിസ്റ്റന്റ് എഞ്ചിനീയർ, സബ് എഞ്ചിനീയർ, സീനിയർ അസിസ്റ്റന്റ് എന്നിവരെ KSEBL-ന്റെ മറ്റ് ഓഫീസുകളിൽ നിന്ന് വർക്കിംഗ് അറേഞ്ച്മെന്റ് / ഡെപ്യൂട്ടേഷൻ രീതിയിൽ നിയമിക്കാൻ അനുമതി നൽകുന്നു.

4. MIDEA യൂണിറ്റിന്റെ ഭരണസംവിധാനം വിതരണ വിഭാഗത്തിലെ ചേർത്തല ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ , മദ്ധ്യമേഖലാ ചീഫ് എഞ്ചിനീയർ എന്ന ക്രമത്തിൽ അധികാരശ്രേണിയായും, ചേർത്തല ഇലക്ട്രിക്കൽ ഡിവിഷൻ ARU ആയും നിശ്ചയിച്ച് അനുമതി നൽകുന്നു.

5. MIDEA യൂണിറ്റിന്റെ ആരംഭച്ചെലവായ 4 ലക്ഷം രൂപ (നാല് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നു.

6. MIDEA യൂണിറ്റിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവ് വകയിരുത്തുന്നതിന് വേണ്ടി ടി യൂണിറ്റിന്റെ ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർക്ക് 15000/- രൂപ ഇംപ്രെസ്റ്റ് തുക അനുവദിക്കുന്നു .

7. ഫീൽഡിലേയ്ക്ക് ആവശ്യം വരുന്നമുറയ്ക്ക് നിർദ്ദിഷ്ടങ്ങളായ ഓരോ പ്രവർത്തനത്തിന്റെയും എസ്റ്റിമേറ്റ് തയ്യാറാക്കി , നിർമ്മാണ ഘടകങ്ങളുടെ അതാത് സമയത്തെ ലഭ്യമായ വിലനിലവാരം / നിരക്കുകൾ അനുസരിച്ച് അംഗീകരിച്ച് അപ്പപ്പോൾ ആവശ്യമായ തുക യഥാസമയം അനുവദിക്കുന്നു .

8. ഈ തുകകൾ വിതരണ വിഭാഗത്തിന്റെ O&M ഫണ്ടിൽ പ്രത്യേകമായി ARU ഉൾപ്പെടുത്തി ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ ക്രമപ്പെടുത്തുന്നതിന് അനുമതി നൽകുന്നു .

9. MIDEA യൂണിറ്റിന്റെ ഒരു വർഷക്കാലത്തെ പരീക്ഷണാടിസ്ഥാനത്തിലുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള സാമ്പത്തിക കാര്യങ്ങൾ ആഡിറ്റ് ചെയ്ത് റിപ്പോർട്ട് നൽകുന്നതിന് ആലപ്പുഴ ഇലക്ട്രിക്കൽ സർക്കിളിലെ RAO യെ ചുമതലപ്പെടുത്തുന്നു .

10. MIDEA യൂണിറ്റിന്റെ ഒരു വർഷക്കാലത്തെ പരീക്ഷണാടിസ്ഥാനത്തിലുള്ള ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി യൂണിറ്റിന്റെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തി ബോർഡിന് റിപ്പോർട്ട് നൽകുന്നതിന് വിതരണ വിഭാഗത്തിലെ മദ്ധ്യമേഖലാ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.